പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4583** **28. 06. 2013-** ലെ മറുപടി

വിദേശത്ത് നിന്നും തിരികെയെത്തുന്ന തൊഴിലാളികൾ

നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. സി. ജോസഫ് *(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) തൊഴിൽ തേടി അന്യ രാജ്യങ്ങളിൽ പോകുന്ന തൊഴിലാളികൾ ഒട്ടേറെ ആരോഗ്യപ്രശ്നങ്ങളുമായാണ് നാട്ടിൽ തിരിച്ചെത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) ഇവരിൽ പലരുടെയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ അവരുടെ സമ്പാദ്യത്തെ പൂർണ്ണമായും നഷ്ടപ്പെടുത്തുകയും പലരുടെയും കുടുംബങ്ങളെ കടക്കെണിയിൽ പ്പെടുത്തുന്നുവെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ & ബി) ഉണ്ട്. |
| (സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; (ഡി) ഇപ്രകാരം രോഗികളായി തിരികെയെത്തുന്ന പ്രവാസികളുടെ കുടുംബങ്ങളെ സഹായിക്കുവാൻ പദ്ധതി തയ്യാറാക്കുമോ? | (സി & ഡി) അന്യരാജ്യങ്ങളിൽ ജോലി ചെയ്ത് നിരവധി ആരോഗ്യ പ്രശ്നങ്ങളുമായി നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ **'സാന്ത്വന പദ്ധതി'**യും, നോർക്ക-റൂട്ട്സ് **'ചെയർമാൻഫണ്ട്' പദ്ധതി**'യും വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. <br><br> **സാന്ത്വന പദ്ധതി** : പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ വാർഷിക വരുമാനപരിധി 25,000/- രൂപ വരെയുള്ള, കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ കാലയളവുള്ള പ്രവാസികൾക്ക്/ കുടുംബാംഗങ്ങൾക്ക് |

20,000/- രൂപവരെ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു. സർക്കാരിന്റെ 01/06/2013 ലെ പു ;തുക്കിയ ഉത്തരവനുസരിച്ച് 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള പ്രവാസിക്ക്/ കുടുംബാംഗങ്ങൾക്ക് മാരക രോഗങ്ങളുടെ ചികിത്സക്ക് ( തളർവാതം, കിഡ്നി തകരാറുകൾ, കാൻസർ, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവയ്ക്ക് ) 50,000/- രൂപ വരെയും മറ്റ് അസുഖങ്ങൾക്ക് 20,000/- രൂപ വരെയും ഉയർത്തിയിട്ടുണ്ട്.

**<u>ചെയർമാൻഫണ്ട്പദ്ധതി -</u>** വാർഷിക വരുമാന പരിധി 50,000/- രൂപ വരെയുള്ള കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ കാലയളവുള്ള പ്രവാസിക്ക്/ കുടുംബാംഗങ്ങൾക്ക് ചികിത്സാ ധനസഹായം 25,000/- രൂപ വരെ അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ